**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3820** **03-03-2023 - ൽ മറുപടിയ്ക്ക്**

**മീറ്റർ റീഡർ തസ്തികയിലേക്കുള്ള നിയമന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർ തസ്തികയിൽ നിയമനം നടത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് എന്ന് നിലവിൽ വന്നുവെന്നും അതിൽ നിന്നും എത്ര പേർക്ക് നിയമന ശിപാർശ നൽകിയെന്നും വ്യക്തമാക്കാമോ; | (എ) | **പി.എസ്.സി റാങ്ക് ലിസ്റ്റ് 20.08.2022 മുതൽ നിലവിലുണ്ട്. നിലവിൽ ഈ ലിസ്റ്റിൽ നിന്നും 46 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്നും ഇനിയും എത്ര പേർക്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നല്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (ബി) | **റാങ്ക് ലിസ്റ്റിന്റെ കാലാവധി അത് നിലവിൽ വരുന്ന തീയതി മുതൽ 3 വർഷമാണ്. റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരും മുന്നേ 18ഓളം പേർക്ക് കൂടി നിയമന ശിപാർശ നൽകാൻ സാധിക്കുമെന്ന് കണക്കാക്കുന്നു.** |
| (സി) | പ്രസ്തുത തസ്തികയിൽ നിയമനം നൽകുന്നതിനായി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | **റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം 41 ഒഴിവുകൾ പി.എസ്.സിക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ